# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2016-2017

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ പി കെ ഡി പി 16-1394/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്.

തീയതി : 13.09.2017.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ലെക്കിടിപേരൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്ത് - 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2ലേയും ഭാഗം 3ലേയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം

സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം. കെ എസ് എ പി കെ ഡി പി 16-1394/2017 തിയതി: 13.09.2017.

പാലക്കാട് ജില്ലയിലെ ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.09.2016മുതൽ 30.04.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സുനിൽദാസ്<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.07.2017മുതൽ<br>11.07.2017വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അരവിന്ദാക്ഷൻ കെ വി | ഓഡിറ്റ് ഓഫീസർ |
| | രാമകൃഷ്ണൻ കെ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | നസീറാബാനു | സീനിയർ ഗ്രേഡ്<br>ഓഡിറ്റർ |
| | അനില സി എസ് | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ദീപാ നാരായണൻ | 01.04.16മുതൽ 31.03.17വരെ |
| സെക്രട്ടറി | ശ്രീ.രതീനാഥ് ആർ | 01.04.16മുതൽ 31.03.17വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. ദീപക് എസ് ആർ | 01.04.16മുതൽ 31.03.17വരെ |
| കൃഷി ഓഫീസർ | ശ്രീമതി. സുധ എസ് | 01.04.16മുതൽ 31.01.17വരെ |
| | ശ്രീ.അരുൺജോസഫ് | 01.02.17 മുതൽ 31.03.17 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.വിമൽലാൽ സി എം | 01.04.16മുതൽ 31.03.17വരെ |
| മെഡിക്കൽ ഓഫീസർ<br>പി എച്ച് സി | ഡോ. ഓജസ് പി രാജ് | 01.04.16മുതൽ 04.09.16വരെ |
| | ഡോ. ശ്രീജ എം കെ | 05.09.16 മുതൽ 29.10.16വരെ |
| | ഡോ. നിമിഷ സുരേഷ് | 30.10.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ഡോ രാധാകൃഷ്ണൻ | 01.04.16മുതൽ 31.03.17വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. ശിവദാസ് എം ആർ | 01.04.16മുതൽ 15.08.16വരെ |
| | ഡോ. ഷാസദ് മജീദി പി | 16.08.16മുതൽ 08.01.17വരെ |
| | ഡോ. അബ്ദുൾ റഷീദ് കെ | 09.01.17മുതൽ 31.03.17വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ജയന്തി എസ് | 01.04.16മുതൽ 31.03.17വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീമതി. മേരിസുധ | 01.04.16മുതൽ 10.08.16വരെ |
| | ശ്രീമതി. പ്രസന്ന | 11.08.16 മുതൽ 31.03.17 വരെ |
| ഐ.സി.ഡിഎസ് സൂപ്പർവൈസർ | ശ്രീമതി. സാജിത എം | 01.04.16മുതൽ 31.03.17വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഗോകുൽദാസ് ടി ആർ | 01.04.16മുതൽ 31.03.17 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമ പഞ്ചായത്തിന്റെ 2016-17 ലെ ബജറ്റ് 03.03.2016 ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം ഗ്രാമ പഞ്ചായത്ത് അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 23.06.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 28426551 |
| വരവ് | 81168470 |
| ആകെ | 109595021 |
| ചെലവ് | 72951698 |
| നീക്കിബാക്കി | 36643323 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | അനുവദിച്ച തുക | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 13285430 | 13285430 | 10678388 | 2607042 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 7937493 | 7937493 | 5367657 | 2569836 |
| വികസനഫണ്ട്(ടി.എസ്.പി) | 0 | 2241 | 2241 | 0 | 2241 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 6837270 | 6837270 | 5091060 | 1746210 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4011624 | 4011624 | 3106195 | 905429 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7450004 | 7450004 | 4866227 | 2583777 |
| ലോക ബാങ്ക് സഹായം | 0 | 3901757 | 3901757 | 925191 | 2976566 |
| MGNREGS | 28328 | 8156899 | 8185227 | 8087497 | 97730 |
| ആകെ | 28328 | 51582718 | 51611046 | 38122215 | 13488831 |

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ സ്രോതസ്സുകളിൽനിന്നും തൻവർഷം അനുവദിച്ച തുകകളിൽ 1.34 കോടി രൂപ തൻവർഷം ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ആസൂത്രണം ചെയ്ത

പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ഭരണസമിതിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥരുടെയും കൂട്ടായ ശ്രമം ആവശ്യമാണ്. ലഭ്യമാകുന്ന തുകകളെ പരമാവധി പ്രയോജനപ്പെടുത്തുകയും പഞ്ചായത്തിന്റെ സമഗ്ര വികസനം സാധ്യമാക്കുകയും ചെയ്യാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | നടപ്പാക്കാത്തവ | ചെലവ് ശതമാനം |
|---|---|---|---|---|---|
| 177 | 64412393 | 109 | 30553575 | 68 | 47.43 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 28 | 18 | 11105056 | 7156148 | 64.44 |
| അസി.സെക്രട്ടറി | 7 | 4 | 3385000 | 2365000 | 69.87 |
| അസി.എഞ്ചിനീയർ | 95 | 45 | 31245115 | 9081151 | 29.06 |
| കൃഷി ഓഫീസർ | 8 | 7 | 4590406 | 1874104 | 40.83 |
| വെറ്ററിനറി സർജൻ | 7 | 7 | 1489500 | 514470 | 34.54 |
| പി.എച്ച്.സി അലോപ്പതി | 4 | 4 | 528800 | 471115 | 89.09 |
| ആയുർവ്വേദം | 5 | 5 | 776800 | 776786 | 99.99 |
| ഹോമിയോ | 2 | 2 | 325000 | 317874 | 97.81 |
| ഹെഡ് മാസ്റ്റർ | 4 | 4 | 1636716 | 1628162 | 99.48 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 4540750 | 3621265 | 79.75 |
| വി.ഇ.ഒ | 7 | 4 | 4231750 | 2240000 | 52.93 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 557500 | 507500 | 91.03 |
| ആകെ | 177 | 109 | 64412393 | 30553575 | 47.43 |

പഞ്ചായത്തിന്റെ വിവിധ മേഖലകളിലെ വികസനം ലക്ഷ്യം വെച്ച് അതാതു മേഖലകളിലുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ അവ നടപ്പിലാക്കേണ്ട ബാധ്യത നിർവ്വഹണ ഉദ്യോഗസ്ഥന്മാർക്കുണ്ട്. ഇപ്രകാരം 177 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 68 പ്രോജക്ടുകൾ നടപ്പിലാക്കാതെ ഫണ്ട് നഷ്ടപ്പെടുത്തിയത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.നടപ്പിലാക്കിയ 109 പ്രവൃത്തികൾക്കായി 47.43% തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

മെഡിക്കൽ ഓഫീസർ ആയുർവ്വേദം, മെഡിക്കൽ ഓഫീസർ ഹോമിയോ, ഹെഡ്മാസ്റ്റർ, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ 90% ൽ കൂടുതൽ തുക ചെലവഴിച്ചപ്പോൾ വെറ്ററിനറി സർജൻ, അഗ്രികൾച്ചർ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ 50% ൽ താഴെ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനങ്ങൾക്ക് ലഭിച്ച ആനുകൂല്യം പ്രൊജക്ടുകൾ നടപ്പിലാക്കാത്തതിനാൽ ഗ്രാമപഞ്ചായത്ത് നിവാസികൾക്ക് ലഭിക്കാതെപോയത് നിർവ്വഹണത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ലഭിക്കുന്ന ഫണ്ടിനനുസരിച്ച് പരമാവധി പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3588657 | 6488918 | 2900261 | 80.8 (+) |
| നികുതിയേതര വരവുകൾ | 2188755 | 2511050 | 322295 | 14.73(+) |
| ആകെ | 5777412 | 8999968 | | 55.78 (+) |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 8 | 4 | 4 | |
| 2 | തൊഴിൽ രഹിത വേതനം | 2 | 0 | 0 | അപേക്ഷകൻ പരിശോധനയ്ക്കായി രേഖകൾ ഹാജരാക്കാത്തതിനാൽ അപേക്ഷയിന്മേൽ തീരുമാനമായില്ല. |
| 3 | വിധവാ പെൻഷൻ | 107 | 96 | 11 | - |
| 4 | വികലാംഗ പെൻഷൻ | 20 | 8 | 12 | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 12 | 6 | 3 | 3 എണ്ണം അന്വേഷണം നടത്തി ലഭിച്ചിട്ടില്ല. |
| 6 | വാർദ്ധക്യകാല പെൻഷൻ | 386 | 273 | 44 | 69 എണ്ണം വി.ഇ.ഒ അന്വേഷണം നടത്തി ലഭ്യമാക്കിയിട്ടില്ല |

അപേക്ഷകളിന്മേൽ വി.ഇ.ഒ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിലാണ് കാലതാമസമുണ്ടാകുന്നത്. പദ്ധതികളുടെ നിർവ്വഹണ ഘട്ടത്തിൽ നിർവ്വഹണത്തിനായി കൂടുതൽ സമയം ആവശ്യമായതിനാൽ, ക്ഷേമ പെൻഷനുകൾക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി അന്വേഷണം നടത്താൻ കഴിയുന്നില്ലെന്ന് വി.ഇ.ഒ അറിയിച്ചു. ആയത് പരിശോധനാ വിധേയമാക്കേണ്ടതും കാരണം ന്യായമാണെന്ന് ബോധ്യമാകുന്നപക്ഷം കാലതാമസം ഒഴിവാക്കുന്നതിന് ബദൽ സംവിധാനം ഉണ്ടാക്കേണ്ടതുമാണ്.

## 1-9 <u>ക്യാഷ് വെരിഫിക്കേഷൻ</u>

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 6.7.2017, 2.55pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 16651 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമാണ്. എന്നാൽ പഞ്ചായത്തിന് നിയമപരമായി ലഭിക്കേണ്ട നികുതികൾ കൃത്യമായി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. ഓഡിറ്റോറിയത്തിന്റെ യഥാർത്ഥ തറ വിസ്തീർണ്ണം ഉൾപ്പെടുത്താതെയാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. ജീവനക്കാരുടെ തൊഴിൽ നികുതി മുഴുവനും ഈടാക്കിയിട്ടില്ല. അനന്തര നടപടികൾ സ്വീകരിച്ചിട്ടുമില്ല. സ്ഥാപനങ്ങളുടെ നികുതി ഡിമാന്റ് ചെയ്യാൻ അവശേഷിക്കുന്നുണ്ട്. ഡി & ഓ ലൈസൻസിനുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ ഹാജരാക്കാതെ തന്നെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.6.2017 | 4/2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. | - |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 6.10.2010 മുതൽ 15.10.2010 വരെ | 2005-06 മുതൽ 2009-10 വരെ | 18.11.2010 | ഇല്ല |

## ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റോറിയം - മുഴുവൻ കെട്ടിടത്തിന്റെയും വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

പഞ്ചായത്തിന്റെ വസ്തുനികുതി അസ്സസ്സ്മെന്റ് രജിസ്റ്റർ , സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ലഭ്യമായ ഫോം 6 എന്നിവ പരിശോധിച്ചതിൽ ശ്രീ എ എസ് ഹംസത്ത്, അരത്തൊടി ഹൗസ് പത്തിരിപ്പാല എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അപ്സര ഓഡിറ്റോറിയത്തിന്റെ (കെട്ടിട നം. 6/591)തറവിസ്തീർണ്ണം, രജിസ്റ്റർ (പേജ് നം. 72) പ്രകാരം 320ച.മീറ്ററും ഫോം 6 പ്രകാരം 350 ച മീറ്ററും ആയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ 11.07.2017-ന് അസിസ്റ്റന്റ് സെക്രട്ടറി, ഓവർസിയർ എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റോറിയം നേരിൽ പരിശോധിച്ചതിൽ താഴത്തെ നില മാത്രം 380ച.മീററിൽ കൂടുതൽ ഉണ്ടെന്ന് ബോധ്യമായി. നിലവിൽ രണ്ടുനിലകളിലും അതിനുമുകളിലുള്ള ബാൽക്കണിയിലുമായാണ് ഓഡിറ്റോറിയം പ്രവർത്തിച്ചുവരുന്നത്. താഴത്തെ നിലയ്ക്ക് മാത്രം (380ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണം) ച.മീറ്ററിന് 30രൂപാ നിരക്കിൽ 350ച.മീറ്റർ വിസ്തീർണ്ണത്തിനു മാത്രമേ നികുതി ചുമത്തിയിട്ടുള്ളൂ. കൂടാതെ കെട്ടിടത്തിന്റെ ഒന്നാമത്തെ നിലയ്ക്കും അതിനു മുകളിലുള്ള ബാൽക്കണിയ്ക്കും വസ്തുനികുതി ചുമത്തിയിട്ടേയില്ല. ആയതിനാൽ പഞ്ചായത്തിന് ലഭിക്കേണ്ട നികുതിയിൽ കുറവുണ്ടായിട്ടുണ്ട്. കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ കൃത്യമായ നഷ്ടം നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. കെട്ടിടം പണി പൂർത്തിയായ അർദ്ധവർഷം മുതൽ ഒന്നാം നിലയ്ക്കും ബാൽക്കണിയ്ക്കും വസ്തുനികുതി ഈടാക്കേണ്ടതാണ്.

ചിത്രം താഴെ കൊടുക്കുന്നു.




ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.26/1207.17) സ്ഥലപരിശോധന നടത്തി നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 12ലെ പ്രകാരം സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലത്ത് പോയി വിവരങ്ങൾ ശേഖരിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റോറിയത്തിന്റെയും ഇതുപോലുള്ള മറ്റു കെട്ടിടങ്ങളുടെയും നികുതി ആവശ്യമെങ്കിൽ പുനർനിർണ്ണയിക്കേണ്ടതും യഥാർത്ഥ തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള തുക കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്.

## 2-2 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204(1), 204 ii (a)(1) എന്നിവ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധ വർഷം തുടർച്ചയായോ പലപ്പോഴായോ അറുപത് ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകും. 204 ii (b) പ്രകാരം പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് പഞ്ചായത്ത് പ്രദേശത്തോ അതിനു വെളിയിലോ ഒരു തൊഴിലിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസനസ്സ് നടത്തുകയോ ആയതിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുയും ചെയ്യുന്ന ഏതൊരാളും തൊഴിൽനികുതി നൽകുവാൻ ബാധ്യസ്ഥനാണ്.

I) ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

1. സർക്കാർ ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും ലഭ്യമാക്കിയ തൊഴിൽനികുതി റിട്ടേൺ പ്രകാരം അറ്റന്റർ ശ്രീമതി രഞ്ജിനി ടി- യുടെ ഒന്നാം അർദ്ധവാർഷിക വരുമാനം 139879രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തൊഴിൽനികുതിയായി 1250രൂ ഈടാക്കുന്നതിനുപകരം രശീതി നം. 11601103332/09.08.16 പ്രകാരം അവരിൽ നിന്നും ഈടാക്കിയിരിക്കുന്ന തൊഴിൽനികുതി 1000രൂപയാണ്. ഈടാക്കാൻ ശേഷിക്കുന്ന 250രൂപ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

2. മംഗലം പോസ്റ്റ് ഓഫീസിലെ ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല. (സ്ഥാപനത്തിലെ മൂന്നു ജീവനക്കാരുടെ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതി 1800രൂ രശീതിനം. 11601104493/29.09.16 പ്രകാരം ഈടാക്കിയിട്ടുണ്ട്.)

3. 2016-17 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ പരിധിയിലെ വിവിധ കരാർ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാരിൽ നിന്നും തൊഴിൽനികുതി റിട്ടേൺ ലഭ്യമാക്കുകയോ അതിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ പ്രസ്തുത കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II)സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| ശ്രീരാമകൃഷ്ണ സർവീസ് കോപ്പറേറ്റീവ് ബാങ്ക് | I & II |
| അപ്സര ഓഡിറ്റോറിയം | I & II |
| സോനമഹൽ ഓഡിറ്റോറിയം | I & II |
| സ്പന്ദന സ്ഫൂർത്തി ഫിനാൻസ് ലിമിറ്റഡ് | II |
| കിൻഫ്രാ | I & II |
| ഗ്ലോബൽ ഭാരത് ഗ്യാസ് ഏജൻസി | II |
| കെ ആർ കെ നായർ & സൺസ്(ക്രഷർ യൂണിറ്റ് & ക്വാറി) | I & II |
| ക്രസന്റ് ഗ്രാനൈറ്റ് പ്രൊഡക്ട്സ്, ഹോളോബ്രിക്സ് & ക്വാറി | I & II |

സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും വരുമാനപത്രിക ഡിമാന്റ് ചെയ്ത് ആയതിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 8/07.07.17) സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-3 ഡി & ഒ ലൈസൻസ് അപേക്ഷകൾ-അപാകതകൾ

ഡി&ഒ ലൈസൻസിനായി പഞ്ചായത്തിൽ ലഭിച്ച പല അപേക്ഷകളിലും പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുകയോ ലൈസൻസ് ലഭിക്കുന്നതിന് നിർബന്ധമായും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട നിരാക്ഷേപ സാക്ഷ്യപത്രങ്ങൾ സമർപ്പിക്കുകയോ ചെയ്യാതെ തന്നെ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | മെസ്സേഴ്സ് ഷിബു ഹോളോബ്രിക്സ് | മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള Consent to operate – 31.08.16 വരെ മാത്രം |
| 2 | ഭാരത് പോളി ക്ലിനിക്കൽ ലബോറട്ടറി | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |
| 3 | ആദിത്യ ഹീറോ മോട്ടാർ സൈക്കിൾ | ദിവസേനയുള്ള വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 4 | മെസ്സേഴ്സ് എം കെ മുഹമ്മദലി ഫ്യൂൽസ്, പെട്രോൾ പമ്പ് | അപേക്ഷയിൽ പൊല്യൂഷൻ കൺട്രോൾ ബോർഡ്, ചീഫ് കൺസർവേറ്റർ ഓഫ് എക്സ്പ്ലോസിവ്സ് എന്നിവരിൽ നിന്നും അനുമതി ലഭ്യമായതായി |

| | | |
|---|---|---|
| | | രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് അപേക്ഷയോടൊപ്പം പരിശോധനയ്ക്ക് ലഭ്യമായില്ല. |
| 5 | എ എം വിങ്സ് ഹോണ്ട, ഹോണ്ട ഇരുചക്രവാഹനങ്ങളുടെ വിൽപനക്കുംസർവീസിനും | വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |
| 6 | മെഡിക്കൽ ഷോപ്പ് (കെ ടി എൻ മെഡിക്കൽഹാൾ) | ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ടമെന്റിൽ നിന്നും ലഭ്യമായ ലൈസൻസ് ഹാജരാക്കിയിട്ടില്ല |
| 7 | സുധർമ്മ സ്പെഷ്യാലിറ്റി ലാബ് | സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ല |

ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമായ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈടാക്കിയ ലൈസൻസ് ഫീസിന്റെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ലൈസൻസ് അനുവദിക്കുന്നതിന് മുമ്പ് അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഹാജരാക്കേണ്ട സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തിയതിനുശേഷം മാത്രം ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകൾ - എണ്ണം ഉറപ്പുവരുത്തേണ്ടതാണ്

പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന മൊബൈൽ ടവ്വറുകളുടെ വിശദാംശം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 8/07.07.17-ക്ക് ലഭ്യമാക്കിയ മറുപടിയിൽ 16/280എ കെട്ടിട നമ്പറിലുള്ള ഒരു മൊബൈൽടവറിന്റെ മാത്രം വിശദാംശമാണ് ലഭ്യമായത്. ആയതിന്റെ വസ്തുനികുതി 13-14 മുതൽ കുടിശ്ശികയാണ്. എന്നാൽ എക്സിറ്റ് മീറ്റിംഗിൽ ഈ വിഷയം പ്രതിപാദിച്ചപ്പോൾ പഞ്ചായത്ത് പരിധിയിൽ ഇതിൽ കൂടുതൽ ടവറുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ടെന്നാണ് മെമ്പർമാരിൽ നിന്നും അറിയാൻ കഴിഞ്ഞത്.

2011 ലെ കേരള പഞ്ചായത്ത് രാജ്(വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജ്) ചട്ടങ്ങൾ പ്രകാരം മൊബൈൽ ടെലിഫോൺ ടവറിന് ചതുരശ്രമീറ്ററിന് 400 മുതൽ 500 രൂപ വരെ വസ്തു നികുതി ചുമത്താവുന്നതാണ്. പെർമിറ്റില്ലാതെ പ്രവർത്തനം തുടരുന്ന മൊബൈൽടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളിൽനിന്ന് പെർമിറ്റ് ഫീസും കുടിശ്ശികയുൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014 തീയതിയിലെ സർക്കുലർ നമ്പർ 40395/RC2/2014/ത.സ്വ.ഭ.വ നിഷ്കർഷിട്ടുണ്ടെങ്കിലും നാളിതുവരെ ഇത് പാലിക്കപ്പെട്ടിട്ടില്ല. പ്രസ്തുത സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിച്ച്, എല്ലാ മൊബൈൽ ടവറുകളുടെയും വിശദാംശങ്ങൾ ശേഖരിക്കുന്നതിനും വസ്തുനികുതി ഈടാക്കാൻ വിട്ടുപോയിട്ടുള്ളതും കുറവായി ഈടാക്കിവരുന്നതുമായവ ഉണ്ടെങ്കിൽ അവയുടെ കുടിശ്ശികസഹിതമുള്ള നികുതി ഈടാക്കാൻ ആവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അനധികൃതമായി പ്രവർത്തിക്കുന്ന മൊബൈൽ ടവറുകൾ നിർദ്ദിഷ്ട റെഗുലറൈസേഷൻ ഫീ ഈടാക്കിക്കൊണ്ട് ക്രമവൽക്കരിക്കേണ്ടതും അവയിൽ നിന്നും കംപ്ലീഷൻ തീയതി മുതൽ വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

## 2-5 പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രദർശിപ്പിക്കുന്ന ഏതൊരു പരസ്യത്തിനും സർക്കാരിന്റെ അനുമതിയോടുകൂടി പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കുകളിൽ പരസ്യനികുതി ഈടാക്കാവുന്നതാണ്. സർക്കാർ നിർദ്ദേശിക്കുന്ന നികുതികൾ ചുമത്തി ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തുകൾ ബാദ്ധ്യസ്ഥമാണ്. എന്നാൽ പരസ്യനികുതി പിരിക്കുന്നതിന് നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. പരസ്യനികുതി പിരിക്കുന്നതിനാവശ്യമായ ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനും, ഗ്രാമപഞ്ചായത്തിൽ പരസ്യ നികുതി സമ്പ്രദായം പ്രാബല്യത്തിൽ കൊണ്ടുവരുന്നതിനും സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രവൃത്തി നിർവ്വഹണത്തിനായി സെലക്ഷൻ നോട്ടീസ് സമയബന്ധിതമായി നൽകിയിട്ടില്ല

കേരള പൊതുമരാമത്തു വകുപ്പ് മാന്വൽ ജി.ഒ(പി)13/2012/PWD/1.2.2012 സെക്ഷൻ 2009.6.അനുസരിച്ച് ടെന്റർ സ്വീകരിച്ചതിനുശേഷം 7 ദിവസത്തിനകം ഭരണസമിതി ടെന്റർ അംഗീകരിക്കേണ്ടതും ടെന്റർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തിയുടെ ടെണ്ടർ ഭരണസമിതി അംഗീകരിച്ചതിനുശേഷം 30 ദിവസം കഴിഞ്ഞാണ് കരാറുകാരന് അറിയിപ്പ് നൽകിയത് ,ടെണ്ടർ ലഭിച്ചത് കരാറുകാരനെ സമയബന്ധിതമായി അറിയിക്കാതിരുന്നത് മൂലം കരാറുടമ്പടി വെക്കാൻ കാലതാമസം വന്നിട്ടുണ്ട് വിശദ വിവരം താഴെ കൊടുക്കുന്നു.

പ്രവൃത്തിയുടെ പേര് : എ.പി.ജെ.അബ്ദുൾകലാം ഓഫീസ് കോമ്പൌണ്ട് ഗ്രൌണ്ട് ഫ്ലോർ, മെയിൻ ഓഫീസ് റിക്കാർഡ് റും തയ്യാറാക്കൽ

പ്രൊജക്റ്റ് നം : 183/16-17

അടങ്കൽ : 300000

കരാർ തുക : 295500

ചെലവ് : 295500

ബിൽ നം : 22/16-17/16.3.2017
നിർവ്വഹണ ഉദ്യോഗസ്ഥൻ സെക്രട്ടറി

കരാറുകാരൻ :അബുബക്കർ, കെ.പി.എം സ്റ്റോർ,ചെർപ്പുളശ്ശേരി

ടെന്റർ സമർപ്പിച്ച തിയ്യതി :17.02.17

ടെന്റർ ഭരണസമിതി അംഗീകരിച്ച തീയതി : 20.02.17 ലെ തീരുമാനം.1(4)

സെലക്ഷൻ നോട്ടീസ് നൽകിയ തീയതി :20.03.17

ടെണ്ടർ ലഭിച്ചത് കരാറുകാരനെ സമയബന്ധിതമായി അറിയിക്കാതിരുന്നത് മൂലം ഉണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദി നിർവ്വഹണ ഉദ്യോഗസ്ഥനായ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്. ടെണ്ടർ അംഗീകരിച്ചിട്ടുള്ളത് കരാറുകാരനെ സമയബന്ധിതമായി അറിയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 19/10.07.17യ്ക്ക് സെലക്ഷൻ നോട്ടീസ് തയ്യാറാക്കിയിരുന്നുവെങ്കിലും കരാറുകാരനെ അറിയിച്ചുവെന്ന നിഗമനത്തിൽ സംഭവിച്ചതാണ് ടിയാൻ സമയബന്ധിതമായി പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

*സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി ടെണ്ടർ നടപടി ക്രമങ്ങൾ പാലിച്ച് പദ്ധതികൾ നിർവ്വഹണം നടത്താൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

. ഇതു സംബന്ധിച്ച രജിസ്റ്ററിൽ യഥാവിധം രേഖപ്പെടുത്തലുകൾ നടത്തി നടപടികൾ നിരീക്ഷണ വിധേയമാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ താഴെ പറയുന്നപ്രവൃത്തികളുടെ ഫയലുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെപേര് ,പ്രൊ.നം | പിൻവലിച്ച തുക | ബിൽ നം.തീയ്യതി |
|---|---|---|---|
| 1 | അടിയാർ പാടം IHDP അങ്കണവാടി നിർമ്മാണം<br>s0050/17 | 600000 | 1/17<br>30.12.16 |
| 2 | അശോകൻ കീർത്തിവീട്ടിൽപടി ഡ്രെയ്നേജ് നിർമ്മാണം<br>185/17 | 196820 | 43/17<br>30.3.17 |
| | ആകെ | 796820 | |

ഇതു സംബന്ധിച്ചുനൽകിയ ഓഡിറ്റ് അന്വേഷണത്തിന് (17/10.7.17) ഫയൽ ബ്ലോക്ക് ഓഫീസിലാണെന്നും ഉടൻ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

എന്നാൽ മേൽ ചെലവിനാസ്പദമായ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 11-ാം വകുപ്പ്, 1997 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും)ചട്ടങ്ങളിലെ ചട്ടം 12(1),12(2) എന്നിവ പ്രകാരം മേൽ ചെലവിനാസ്പദമായ രേഖകൾ നിലവിലില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ഫയൽ ലഭ്യമാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവു ചെയ്ത 796820 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 കൺവീനർ പ്രവൃത്തികളിൽ പണമിടപാടുകൾ അക്കൌണ്ടിലൂടെ നടത്തിയിട്ടില്ല

- 2016-17 ൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ആകെയുള്ള 45 മരാമത്തു പ്രവൃത്തികളിൽ 35 എണ്ണം കൺവീനർ പ്രവൃത്തിയാണ്. ഇപ്രകാരം കൺവീനർ പ്രവൃത്തി നടത്തുമ്പോൾ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് ആരംഭിച്ച് ആ അക്കൌണ്ടിലൂടെ മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ എന്ന് 13.11.2014ലെ 1/1559/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ ഖണ്ഡിക 3 ൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്ത അക്കൌണ്ട് ആരംഭിച്ചതിന്റെയും ഈ അക്കൌണ്ടിലൂടെയാണ് തുകകൾ വിതരണം ചെയ്തിട്ടുള്ളത് എന്നതിന്റെയും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ലഭ്യമാക്കിയ രേഖകളിൽ കൺവീനറായ വ്യക്തി പ്രവൃത്തി ഏറ്റെടുക്കുന്നതിന് മുമ്പ് സ്വന്തം പേരിൽ ആരംഭിച്ച പേഴ്സണൽ അക്കൌണ്ട് പാസ്സ് ബുക്കിന്റെ മുൻപേജ് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.16/10.7.2017) മേലിൽ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. സുതാര്യമായ പദ്ധതി നടത്തിപ്പ് ഉറപ്പു വരുത്തുന്ന വിധത്തിൽ കൺവീനർ പ്രവൃത്തികൾക്കാവശ്യമായ നടപടിക്രമങ്ങൾ പാലിക്കാൻ തുടർ പ്രോജക്ടുകളിൽ ശ്രദ്ധിക്കേണ്ടതാണ്.

നിർദ്ദേശം :

- 13.11.2014ലെ1/1559/2010/സിഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ കൺവീനർ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 3-4 അഞ്ചു ലക്ഷത്തിനു മുകളിലുള്ള പ്രവൃത്തി ഇ-ടെന്റർ ചെയ്യണമെന്ന സർക്കാർ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല

സർക്കാർ ഉത്തരവ്(ആർ.ടി) നം 1288/2015/LSGD dt.30.04.15,GO(p) 524/2015/fin dt.17.11.15 എന്നിവ പ്രകാരം എസ്റ്റിമേറ്റ് തുക 5 ലക്ഷവും അതിന് മുകളിലുമുള്ള എല്ലാ പ്രവർത്തികളും ഇ-ടെണ്ടർ മുഖാന്തിരം മാത്രമേ നിർവ്വഹിക്കാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്.ആയതിന് വിരുദ്ധമായാണ് താഴെ പറയുന്ന പ്രോജക്ട് നടപ്പിലാക്കിയത്

| | |
|---|---|
| പ്രോജക്ട് | 163/16-17 തെരുവു വിളക്ക് അറ്റകുറ്റ പണി |
| അടങ്കൽ | 1300000 (800000 മെയിന്റനൻസ് ഗ്രാന്റ് 500000തനതുഫണ്ട്) |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | ജഗദീഷ് കുമാർ,മാഗ്ന വിഷൻ ഏലപ്പുള്ളി |
| ചെലവ് | 647527 |

പ്രസ്തുത പ്രവൃത്തിക്ക് A2.5000/14 Dt 17.11.16 പ്രകാരം ടെണ്ടർ പത്ര പരസ്യം നൽകിയതിൽ മൂന്ന് ടെണ്ടർ ലഭിച്ചതിൽ ഏറ്റവും കുറവ് രേഖപ്പെടുത്തിയ ജഗദീഷ് കുമാർ,മാഗ്ന വിഷൻ എലപ്പുള്ളി എന്നയാളുടെ ടെണ്ടർ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.കൂടുതൽ സുതാര്യവും മത്സര സ്വഭാവവുമുള്ള ടെണ്ടറുകൾ ലഭിക്കുക എന്ന ലക്ഷ്യത്തോടെയുമാണ് ഇ-ടെണ്ടർ രീതി സർക്കാർ കൊണ്ടുവന്നത്. ഇ-ടെണ്ടർ രീതി അവലംബിക്കാത്തതു മൂലം കൂടുതൽ മത്സരാധിഷ്ഠിതമായ ടെണ്ടറുകൾ ലഭിക്കാതെ വരുകയും ചെയ്തു.ഇ-ടെണ്ടർ മുഖാന്തിരമല്ലാതെ പ്രൊജക്ട് നടപ്പിലാക്കി യതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 13/07.07.17യ്ക്ക് 100% നികുതി പിരിച്ചെടുക്കുന്ന ജോലി തിരക്കു കാരണം സംഭവിച്ച അപാകതയാണെന്നും ഭാവിയിൽ ഇത്തരം അപാകതകൾ ഒഴിവാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

സർക്കാർ ഉത്തരവുകളും, മാർഗ്ഗനിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് പ്രവൃത്തികൾ നിർവ്വഹിക്കാത്ത പക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായികണക്കാക്കുന്നതാണ്,ആയതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിയ്ക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ (84575*12) 1014900/-രൂപ കെ.എസ്.ഇ.ബി.ഒറ്റപ്പാലം ഇലക്ട്രിക്കൽ സെക്ഷനിൽ അടവാക്കിയിട്ടുണ്ട് (കൺസ്യൂമർ നം 1165332000002)സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന തെരുവു വിളക്കുകൾ ഉണ്ട് .

| ഇനം | വാട്സ് | ഒറ്റപ്പാലം സെക്ഷൻ എണ്ണം | പത്തിരിപ്പാല സെക്ഷൻ | ആകെ |
|---|---|---|---|---|
| ഡബിൾ ട്യൂബ് | 2*40 | 180 | 237 | 417 |
| എസ്.വി ലാമ്പ് | 250 | 23 | 19 | 42 |
| സിഎഫ് എൽ ലാമ്പ് | 2*11w | 213 | 97 | 310 |
| ഓർഡിനറി ബൾബ് | 25w | 182 | 235 | 417 |
| | | പ്രതിമാസ വൈദ്യുതി ചാർജ്ജ് 84575/-രൂപ | മീറ്ററിംഗ് -ശരാശരി 9600 രൂപ | |

പത്തിരിപ്പാല സെക്ഷനിൽ മീറ്ററിംഗ് നടപ്പിലാക്കിയിട്ടുണ്ട്.(കൺസ്യൂമർ നം 1167293020199 മുതൽ 208 വരെ) .ഗ്രാമ പഞ്ചായത്തുകൾ തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിലെ കൃത്യത ഉറപ്പുവരുത്തുന്നതിനായി മീറ്റർ സമ്പ്രദായം ഏർപ്പെടുത്താമെന്ന് ഉത്തരവ് നം. ബി.ഒ. (എഫ്. ബി.)നമ്പർ 496 / 2004 (എൽ.ജി /സി.ഒ .എം. 3515/ 98 തീയ്യതി 23.02.2004 കെ.എസ്.ഇ.ബി. ബോർഡ് സെക്രട്ടറി മുഖേന സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 21/10.07.17-യ്ക്ക് 2017-18 വർഷത്തിൽ മീറ്ററിംഗ് പ്രവർത്തികൾക്കായി 1500000/-രൂപ വകയിരുത്തിയിട്ടുണ്ടെന്നും 2018-19 വർഷത്തോടെ

മുഴവൻ തെരുവുവിളക്കുകളും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട് . ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും കെ.എസ്.ഇ.ബി ഒറ്റപ്പാലം സെക്ഷന്റെ പരിധിയിൽപ്പെടുന്ന തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നത് മീറ്ററിംഗ് രീതിയിലേക്ക് മാറ്റുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ.

- കെ.എസ്.ഇ .ബി . യുമായി സംയുക്ത പരിശോധന നടത്തി തെരുവുവിളക്കുകളുടെ നിജസ്ഥിതി തിട്ടപ്പെടുത്തുക
- സാധരണ ബൾബുകൾ , ഡബിൾ ട്യൂബ് ലൈറ്റ് തുടങ്ങിയ ഉപയോഗക്ഷമത കുറവും ഊർജ്ജ ഉപഭോഗം കൂടുതലുള്ളതുമായ ബൾബുകൾക്ക് പകരം ഊർജ്ജ ഉപഭോഗം കുറവും വെളിച്ചം കൂടുതലുമുള്ള സി.എഫ്. എൽ , എൽ. ഇ.ഡി. ലാമ്പുകൾ എന്നിവ സ്ഥാപിച്ച് ഊർജ്ജ സംരക്ഷണം ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടതാണ് .
- മുഴവൻ തെരുവുവിളക്കുകളും മീറ്ററിംഗ് സമ്പ്രദായത്തിലേക്ക് മാറ്റുക.

## **3-6** <u>തെരുവ് വിളക്ക് റിപ്പയർ - കരാറുകാരനിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കിയിട്ടില്ല.</u>

1) പ്രൊജക്റ്റ് നം 08/16-17

അടങ്കൽ 273094

നിർവ്വഹണം സെക്രട്ടറി

കരാറുകാരൻ സുധീഷ്.കെ.ബി

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989 സെക്ഷൻ 8(2) ,സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി നിർമ്മാണ തൊഴിലാളി ക്ഷേമനിധിയിൽ അടവാക്കേണ്ടതാണ്.എന്നാൽ നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് തെരുവ് വിളക്ക് റിപ്പയർ ലേബർ കോൺട്രാക്ട് എടുത്തിരിക്കുന്ന കരാറുകാരന് തുക നൽകിയിരിക്കുന്നത്

| ക്രമ നം | വൌച്ചർ നം | തുക | ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി |
|---|---|---|---|
| 1 | 21600235 /27.06.16 | 51900 | 519 |
| 2 | 21600712 /8.12.16 | 11906 | 119 |
| 3 | ആകെ | 63806 | 638 |

പ്രസ്തുത ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമാനുസൃതം കുറവുചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം 12/07.07.17) മുഖേന ആവശ്യപ്പെട്ടതനുസരിച്ച് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

2) പ്രൊജക്റ്റ് നം 163/16-17

| | |
|---|---|
| അടങ്കൽ | 1300000 |
| നിർവ്വഹണം | സെക്രട്ടറി |
| കരാറുകാരൻ | ജഗദീഷ് കുമാർ മാഗ്ന വിഷൻ, എലപ്പുള്ളി |

കരാറുകാരന്റെ ബില്ലിൽ നിന്നും VAT,ITഎന്നിവ ഈടാക്കിയിട്ടുണ്ടെങ്കിലും നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഈടാക്കാതെയാണ് തെരുവ് വിളക്ക് റിപ്പയർ കരാർ എടുത്തിരിക്കുന്ന കരാറുകാരന് തുക നൽകിയിരിക്കുന്നത്. ചെലവിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | വൌച്ചർ നം | തുക | ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി@1% |
|---|---|---|---|
| 1 | 21600950 /21.02.17 | 647527 | 6475 |

പ്രസ്തുത ബില്ലിൽ നിന്നും നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമാനുസൃതം കുറവുചെയ്യാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് ഓഡിറ്റ് എൻക്വയറി(നം 20/10.07.17) മുഖേന ആവശ്യപ്പെട്ടതനുസരിച്ച് നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഈടാക്കി അടവാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ ക്ഷേമനിധിയിനത്തിലെ തുക അടവാക്കുന്നതുവരെ 7113 രൂപ (638+6475) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- നിയമാനുസൃതം ഈടാക്കേണ്ട നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടിയന്തിരമായി ഈടാക്കി ബന്ധപ്പെട്ട ബോർഡിൽ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
- പ്രവൃത്തി നിർവ്വഹണത്തിന് ഫൈനൽ ബിൽ അനുവദിക്കുമ്പോൾ നിയമാനുസൃതമായ എല്ലാ നികുതികളും ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-7 കുടിവെള്ള പദ്ധതി-പൈപ്പ് ലൈൻ റിപ്പയർ പ്രവൃത്തി VAT,KCWWF എന്നിവ ഈടാക്കിയിട്ടില്ല.

കേരള കൺസ്ട്രക്ഷൻ വെൽഫെയർ ഫണ്ട് ആക്ട് 1989ലെ സെക്ഷൻ 8(2) ,സർക്കുലർ നം 2173/C3/97/ത.ഭ.വ. തി 18,03.97 എന്നിവ പ്രകാരം ലേബർ ഘടകം ഉൾപ്പെട്ടിട്ടുള്ള എല്ലാ കരാറുകളിൽ നിന്നും കരാർ തുകയുടെ 1% തുക ബില്ലിൽ നിന്നും കുറവുവരുത്തി KCWWF ൽ അടവാക്കേണ്ടതാണ്.സർക്കുലർ നം 15179/DPI/06 LSGD dt.30.01.2007 ഖണ്ഡിക 3(iii), വാണിജ്യ നികുതി കമ്മീഷണറുടെ31.05.2011ലെ 5/2011 നം സർക്കുലർ

എന്നിവയിൽ കേന്ദ്ര വിൽപന നികുതി നിയമ പ്രകാരം ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഗുണഭോക്തൃ കമ്മിറ്റി മുഖാന്തിരം ഉള്ള 10 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾക്കും സർക്കാർ/ ലോക്കൽ ബോഡികളിലെ കരാർ പ്രവൃത്തികൾക്കും 4% VAT ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത കിഴിവുകൾ നടത്താതെയാണ് ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ കുടിവെള്ള പദ്ധതികളുടെയും റിപ്പയർ പ്രവൃത്തി ലെക്കിടി പേരൂർ ജലനിധി ജലവിതരണ സ്കീം ലെവൽ കമ്മിറ്റി മുഖാന്തിരം(SLEC) നടപ്പിലാക്കിയത്. താഴെ പറയുന്ന വിധം തുക നൽകിയിരിക്കുന്നു.

| ക്രമ നം | വൌച്ചർ നം | തുക | ഈടാക്കേണ്ട നികുതികൾ | |
|---|---|---|---|---|
| | | | VAT | KCWWF |
| 1 | 21600142/24.5.16 | 23005 | 920 | 230 |
| 2 | 21600195/8.6.16 | 63323 | 2533 | 633 |
| 3 | 21600234/22.6.16 | 17725 | 709 | 177 |
| 4 | 21600236/27.6.16 | 67390 | 2696 | 674 |
| 5 | 21600381/6.8.16 | 21668 | 867 | 217 |
| 6 | 21600489/8.9.16 | 40169 | 1607 | 402 |
| 7 | 21600547/5.10.16 | 64644 | 2586 | 646 |
| 8 | 21600854/19.1.17 | 71188 | 2848 | 712 |
| 9 | 21600914/8.2.17 | 42119 | 1685 | 421 |
| 10 | 21601016/9.3.17 | 47844 | 1914 | 478 |
| 11 | 21601026/10.3.17 | 44288 | 1772 | 443 |
| 12 | ആകെ | 503363 | 20137 | 5033 |

പ്രസ്തുത ബില്ലിൽ നിന്നും VAT ,KCWWF എന്നിവ നിയമാനുസൃതം കുറയ്ക്കാതെ തുക നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 14/07.07.17ക്ക് ലാഭേച്ഛ കൂടാതെ തികച്ചും ഗുണഭോക്തൃസമിതിയുടെ മോഡലിൽ ആണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതെന്നും യഥാർത്ഥ കൂലി ആവശ്യപ്പെടാതെ നാമമാത്ര കൂലിയും വാങ്ങിയ സാധനങ്ങളുടെ ബിൽ പ്രകാരമുള്ള തുകയും മാത്രമാണ് പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്നും അറിയിക്കുകയുണ്ടായി,കൂടാതെ ഗ്രാമപഞ്ചായത്തിലെ 3500 ൽ കൂടുതൽ ഗുണഭോക്താക്കളുള്ള ഒരു ബൃഹത് പദ്ധതിയാണ് ഇതെന്നും കാലപ്പഴക്കം മൂലം പൈപ്പുകൾ പലഭാഗങ്ങളിലും പൊട്ടി ജലവിതരണം തടസ്സപ്പെടുകയും ജനങ്ങളുടെ ശക്തമായ പ്രക്ഷോഭത്തെ അതിജീവിക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തതിനാൽ എത്ര അളവിൽപ്രവർത്തി ചെയ്യേണ്ടി വരുമെന്ന്

അറിയാത്തതിനാൽ അതതു സമയത്തുണ്ടാകുന്ന ചെലവുകൾ SLEC നിർവ്വഹിക്കുകയും തുക പഞ്ചായത്ത് കൈമാറുകയും ചെയ്യുകയായിരുന്നു എന്നും അറിയിച്ചു. ജലനിധിയുടെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണെന്നും അവ പൂർത്തീകരിക്കുന്നതോടെ ഇവയെല്ലാം ജലനിധിയ്ക്ക് കൈമാറുകയും കുടിവെള്ളത്തിനുവേണ്ടി പഞ്ചായത്ത് തുക ചെലവഴിക്കുന്നത് അവസാനിയ്ക്കുമെന്നും അധികൃതർ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഗുണഭോക്തൃ കമ്മിറ്റി മുഖാന്തിരം നിർവ്വഹണം നടത്തുന്ന ഇത്തരം പ്രവൃത്തികളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയും VAT ,നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ ഉൾപ്പെടുത്തുകയും ചെയ്ത് ബില്ലിൽനിന്ന് ആയത് കുറവു ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.
- ജലനിധിയുടെ പ്രവർത്തനം അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 പി.എം.എ.വൈ(എസ്.സി)ഗ്രാമ പഞ്ചായത്ത് വിഹിതം എന്ന പദ്ധതിക്കായി കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള പി.എം.എ.വൈ(എസ്.സി) ഗ്രാമ പഞ്ചായത്ത് വിഹിതം എന്ന പദ്ധതിക്കായി താഴെ പറയും പ്രകാരം കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | ബിൽ നം. /തിയതി | തുക | കുറിപ്പ് |
|---|---|---|---|
| 123/17-പി.എം.എ.വൈ(എസ്.സി)ഗ്രാമ പഞ്ചായത്ത് വിഹിതം | 167/2016-17 / 13-3-17 | 2,00,000 രൂപ | ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിലേക്ക് (a/c no. 799011400001490) തുക മാറ്റിയിട്ടുണ്ട്. |
| -ടി- | 154/2016-17 / 27-3-17 | 40,000 രൂപ | -ടി- |
| 239/17-പി.എം.എ.വൈ(എസ്.സി)ഗ്രാമ പഞ്ചായത്ത് വിഹിതം | 153/2016-17 / 30-3-17 | 3,00,000 രൂപ | -ടി- |

7-7-17 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 10 ന് ലഭ്യമാക്കിയ മറുപടിയിൽ ധന വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനായി ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നല്കിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 എസ്.എസ്.എ പദ്ധതിക്കായി കൈമാറിയ തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമായില്ല

ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള എസ്.എസ്.എ. പദ്ധതിക്കായി താഴെ പറയും പ്രകാരം പാലക്കാട് ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് തുകകൾ കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | ബിൽ നം. /തിയതി | തുക | കുറിപ്പ് |
|---|---|---|---|
| 4/17-എസ്.എസ്.എ വിഹിതം | 1/16-17 / 21-10-16 | 150000 രൂപ | എസ്.എസ്.എ യുടെ തുക മാറ്റിയിട്ടുണ്ട്. |
| | 1/16-17 / 21-10-16 | 1351716 രൂപ | -ടി- |

7-7-17 ലെ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ടി തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-10 KSEB ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

താഴെ പറയുന്ന പ്രവർത്തികൾക്കായി KSEB ഇലക്ട്രിക്കൽ സെക്ഷൻ പത്തിരിപ്പാല,ഒറ്റപ്പാലം എന്നീ അസി,എഞ്ചിനീയർമാരുടെ കാര്യാലയത്തിൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | പ്രൊജക്റ്റ് നം, പേര് | ബിൽ നം/തിയ്യതി | തുക | വൌച്ചർ നം/തിയ്യതി. |
|---|---|---|---|---|
| 1 | 167/16-17 സ്ട്രീറ്റ് ലൈൻ മെയിൻ വലിയ്ക്കൽ | 1)09/16-17 27.10.16<br>2)20/16-17 /27.1.17 | 429350<br>453718 | 21600593 /31.10.16<br>21600906 /08.2.17 |
| 2 | 166/16-17 പത്തിരിപ്പാല ഇലക്ട്രിക്കൽ സെക്ഷനിൽ | 10/16-17 /27.10.16 | 243800 | 21600594/ 31.10.16 |

| | | | | |
|---|---|---|---|---|
| | തെരുവു വിളക്ക്<br>മീറ്റർ സ്ഥാപിക്കൽ | | | |
| 3 | 174/16-17<br>ലൈൻ ദീർഘിപ്പിക്കൽ | 21/16-17 /27.01.17 | 125000 | 21600907 /08.02.17 |
| 4 | ആകെ | | 1251868 | |

മേൽ പ്രവർത്തികൾ പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ,വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറി നം 09/07.07.17യ്ക്ക് പ്രവത്തി പൂർത്തിയായിക്കൊണ്ടിരിയ്ക്കുകയാണെന്നും, വിനിയോഗ സാക്ഷ്യപത്രം കെ.എസ്.ഇ.ബി യിൽ നിന്ന് ലഭിക്കുന്നമുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് .

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രവർത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 3-11 അംഗ പരിമിതർക്ക് മുച്ചക്ര വാഹനം -ജില്ലാ പഞ്ചായത്തിനു നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ S0210/17

പ്രോജക്ട് - അംഗ പരിമിതർക്ക് മുച്ചക്ര വാഹനം -ജില്ലാ പഞ്ചായത്ത് വിഹിതം

അടങ്കൽ 1,00,000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് 100000 രൂപ
ബിൽ നം 16/16-17/24.03.17

മേൽ പദ്ധതിക്കായി ജില്ലാ പഞ്ചായത്ത് വിഹിതമായി പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൌണ്ടിലേക്ക് 100000 രൂപ മാറ്റിയിട്ടുണ്ട്. ഈ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 5/6-7-2017) മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിള്ള നടപടികൾ ഉടൻ ആരംഭിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് . നൽകുന്ന തുകയുടെ വിനിയോഗം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## 3-12 കന്നുകുട്ടി പരിപാലനം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നമ്പർ - S091/17

പ്രോജക്റ്റ് - കന്നുകുട്ടി പരിപാലനം

അടങ്കൽ 12,50,000 രൂപ (വികസന ഫണ്ട് ജനറൽ)

ചെലവ് 312500 രൂപ
ബിൽ നം. 2102/030/0100199/28.03.17

മേൽ പദ്ധതിയുടെ ഭാഗമായി 27-3-2017 ൽ 714021400000008 നമ്പർ രശീതി പ്രകാരം മൃഗ സംരക്ഷണ വകുപ്പ് കാഫ് ഫീഡ് അസിസ്റ്റന്റ് ഡയറക്ടർ 312500 രൂപ കൈപറ്റിയിട്ടുള്ളതാണ്. ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം. നമ്പർ 4/6-7-2017 ന് ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി പരാമർശം ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 പാലിയേറ്റീവ് കെയർ - മരുന്ന്, എയർബെഡ് ലഭ്യമാക്കിയിട്ടില്ല.

1) പ്രൊജക്റ്റ് :പാലിയേറ്റിവ് പദ്ധതിക്ക് ദൈനംദിന ചെലവുകൾ

പ്രൊജക്റ്റ് നം. : 97/17

അടങ്കൽ :350000 രൂ (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് :321973രൂ

a) മേൽ പ്രോജക്ട പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ പാലിയേറ്റീവ് കെയറിന് മരുന്ന വാങ്ങുന്നതിനായി ഡി ഡി (നം. 544050/31.01.17)മുഖേന 60000രൂ (ബിൽ നം 13/16-17/30.01.17)കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. കൈമാറിയ തുകയിൽ 18592 (ഇൻവോയ്സ് നം.1354/29.06.17) രൂപയുടെ മരുന്ന മാത്രമാണ് നാളിതുവരെ ലഭ്യമായിട്ടുള്ളത്.

b) മേൽ പ്രോജക്ട പ്രകാരം പാലിയേറ്റീവ് കെയറിനായി എയർബെഡ് വാങ്ങുന്നതിന് (ബിൽ നം 23/16-17 /29.01.17- 28178-ൽ ഉൾപ്പെട്ടത്) 6793രൂ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എയർബെഡ് ലഭിച്ചിട്ടില്ല.

ശേഷിക്കുന്ന തുകയുടെ മരുന്ന്, എയർബെഡ് എന്നിവ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് (നം. 7/06.07.17) ആയവ ഉടൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

## 3-14 പാലിയേറ്റീവ് കെയർ- വാഹനത്തിന്റെ ലോഗ് ബുക്കിൽ പൂർണ്ണവിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്

പ്രൊജക്റ്റ് :പാലിയേറ്റിവ് പദ്ധതിക്ക് ദൈനംദിന ചെലവുകൾ

പ്രൊജക്ട് : നം. 97/17

അടങ്കൽ :350000 രൂ (വികസനഫണ്ട് പൊതുവിഭാഗം)

ചെലവ് :321973രൂ

മെഡിക്കൽ ഓഫീസർ പി എച്ച് സി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പെയിൻ & പാലിയേറ്റീവ് കെയർ പ്രൊജക്ടിന്റെ ഭാഗമായുള്ള ഗൃഹപരിചരണത്തിനായി ഉപയോഗിച്ചിരുന്ന വാഹനത്തിന്റെ (Vehicle No. KL51E 1890) 29.01.17ാം തീയതിയ്ക്ക് ശേഷമുള്ള ലോഗ് ബുക്ക് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. 1/17- ന ശേഷം ഇന്ധനം നിറയ്ക്കുന്നതിനായി താഴെപ്പറയും പ്രകാരം ചെലവു നടന്നിട്ടുണ്ട്.

| ബിൽ നം./തിയതി/ബിൽ തുക | ഇന്ധനചെലവ് |
|---|---|
| 23/16-17/29.03.17 28178 രൂപ | 3000 |
| 16/16-17/21.03.17 20165 രൂപ | 2926 |

ഓഡിറ്റ് അന്വേഷണം (നം. 25/11.07.17) മുഖേന ലോഗ്ബുക്ക് ആവശ്യപ്പെട്ടതിന് ഉപയോഗിച്ചുവന്ന ലോഗ്ബുക്ക് തീർന്നതിനാലും പുതിയതിനായി പഞ്ചായത്തിൽ അപേക്ഷിച്ചുവെങ്കിലും ലഭ്യമാകാത്തതിനാലുമാണ് നാളിതുവരെ (ഓഡിറ്റ് തീയതി വരെ) ലോഗ്ബുക്കിൽ വിവരങ്ങൾ രേഖപ്പെടുത്താതിരുന്നത് എന്നും ഉടൻ ആയത് ലഭ്യമാക്കി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതാണ് എന്നമാണ് മറുപടി ലഭ്യമാക്കിയത്. ലോഗ്ബുക്കിൽ 29.01.17 വരെ തീയതികളിൽ രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങൾ പൂർണ്ണമല്ല. അവശ്യം രേഖപ്പെടുത്തേണ്ട വിവരങ്ങളായ ഇന്ധനത്തിന്റെ മുൻബാക്കി, യാത്ര ചെയ്ത ദൂരം, ശേഷിക്കുന്ന ഇന്ധനം എന്നിവയൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല. പുതിയ ലോഗ് ബുക്ക് ഉടൻ ലഭ്യമാക്കുകയും അവശ്യം രേഖപ്പെടുത്തേണ്ട വിവരങ്ങൾ കൃത്യമായും പൂർണ്ണമായും രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 3-15 മരുന്നു വാങ്ങൽ പ്രൊജക്ട് - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് :ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നു വാങ്ങൽ

പ്രൊജക്ട് നം. :118/17

അടങ്കൽ :300000രൂ (മെയിന്റൻസ് ഗ്രാന്റ് - റോഡിതരം)

ചെലവ് :300000 രൂ

മേൽ പ്രോജക്ടു പ്രകാരം മരുന്നു വാങ്ങുന്നതിനായി 300000രൂ (ബിൽ നം 1/16-17/30.12.17) ഡി ഡി(നം.543849/06.01.17) മുഖേന കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്- ആലപ്പുഴയ്ക്ക് കൈമാറിയിട്ടുണ്ട്. ഇതിൽ ഇൻവോയ്സ് നം. എൽ എഫ് 165/ 06.06.17 പ്രകാരം 98500രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. ആയത് സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ ഓഡിറ്റ് അന്വേഷണം 6/06.07.17-ന് പ്രകാരം ആവശ്യപ്പെട്ടതിന് ശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ 2017ആഗസ്റ്റ് 31-നകം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുത്ത് കഴിഞ്ഞിട്ടില്ല എന്നുമാണ്. ലഭ്യമായ മരുന്നുകൾ സ്റ്റോക്കിലെടുക്കേണ്ടതും ശേഷിക്കുന്ന തുകയ്ക്കുള്ള

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കോള്ളേണ്ടതുമാണ്.

## 3-16 മരുന്നു വാങ്ങൽ പ്രൊജക്ട് - കൈമാറിയ തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ -ആയുർവേദം നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രൊജക്ടുകൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി താഴെചേർക്കും പ്രകാരം തുകകൾ ഔഷധിക്ക് കൈമാറിയിട്ടുണ്ട്.

| പ്രൊജക്ട് | അടങ്കൽ | ചെലവ് | മരുന്നുകൾ ലഭ്യമായതിന്റെ വിവരം | ശേഷിക്കുന്നതുക |
|---|---|---|---|---|
| 134/17, മുളഞ്ഞൂർ ആയുർവേദആശുപത്രിക്ക് മരുന്നു വാങ്ങൽ | മെയിന്റൻസ് ഗ്രാന്റ് (റോഡിതരം) | 300000(ബിൽ നം. 1/16-17/28.12.16) ഡിഡി നം. 543505/30.12.16 പ്രകാരം തുക ഔഷധിക്ക് കൈമാറി | 128886/- (ഇൻവോയ്സ് നം. 3556/30.01.17) | 171114 |
| 137/17, ആയുർവേദ സബ്സെന്ററിലേക്ക് മരുന്ന് വാങ്ങൽ | മെയിന്റൻസ് ഗ്രാന്റ് (റോഡിതരം) | 150000 (ബിൽ നം. 2/16-17 /28.12.16) ഡിഡി നം. 543506/30.12.16പ്രകാരം തുക ഔഷധിക്ക് കൈമാറി | ഇൻവോയ്സ് നം. 3257/19.01.17 പ്രകാരം 57874 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് | 92126 |
| 216/17, വൃദ്ധർ, പാലിയേറ്റീവ് കെയർരോഗികൾക്ക് മരുന്നു വാങ്ങൽ | 300000 (വികസന ഫണ്ട് ജനറൽ) | 30000 (ബിൽ നം. 4/16-17/4.03.17)<br>ഡി ഡി നം.0125081/<br>10.03.17 പ്രകാരം തുക ഔഷധിക്ക് കൈമാറി | ലഭ്യമായിട്ടില്ല. | 300000 |

ശേഷിക്കുന്ന തുകകൾക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഓഡിറ്റ് അന്വേഷണം 18/11.07.17-ന് പ്രകാരം ആവശ്യപ്പെട്ടതിന്, പലതവണ ഓർമ്മക്കുറിപ്പുകൾ അയച്ചിട്ടും മറുപടി ലഭ്യമായില്ല എന്നും നേരിൽകണ്ട് വിവരം ബോധിപ്പിച്ചത് പ്രകാരം 31.07.17 മുമ്പായി മുഴവൻ മരുന്നുകളും എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഔഷധി അറിയിച്ചിട്ടുണ്ട് എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മൂന്നു പ്രൊജക്ടുകളിലുമായി ലഭ്യമാക്കുവാനുള്ള മുഴവൻ മരുന്നും അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

## 3-17 കുടുംബശ്രീ-സി.ഡി.എസ് ചെയർപേഴ്സന്റെ പേരിലെ നിർജ്ജീവ ബാങ്ക് അക്കൌണ്ട് അവസാനിപ്പിക്കേണ്ടതാണ്.

കുടുംബശ്രീ കണക്കുകൾ പരിശോധിച്ചതിൽ, സി.ഡി.എസിന്റെ പേരിൽ ധനലക്ഷ്മി ബാങ്കിലെ A/C.No 15674 പ്രകാരമുള്ള പാസ്ബുക്കിൽ 1-4-2011 മുതൽ നാളിതുവരെ പണമിടപാടുകളൊന്നും നടത്തിയിട്ടില്ല. 31-3 -2017 ൽ ഈ അക്കൌണ്ടിൽ പലിശ സഹിതം 101304 രൂപ അവശേഷിക്കുന്നു. ഈ തുകകളുടെ സ്രോതസ്സ് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് 24/7-7-2017 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 2010-11 സാമ്പത്തിക വർഷം മുതൽ ഈ അക്കൌണ്ടിൽ ഇടപാടുകൾ നടത്താതെ ഡെഡ് അക്കൌണ്ടായി അവശേഷിക്കുന്നതായി മറുപടി നൽകിയിട്ടുണ്ടെങ്കിലും, അക്കൌണ്ടിലെ തുകയുടെ സ്രോതസ്സ് സംബന്ധിച്ച് വിശദീകരണം നൽകിയിട്ടില്ല. തുകയുടെ സ്രോതസ്സ് അന്വേഷണ വിധേയമാക്കി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. 101304 രൂപയുടെ സ്രോതസ് വ്യക്തമല്ലാത്തതിനാലും, നാളിതുവരെ ഇടപാടുകളൊന്നും നടക്കുന്നില്ലെന്ന് ഓഡിറ്റ് അന്വേഷണത്തിന് നൽകിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും, പ്രസ്തുത അക്കൌണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.

2. 101304 രൂപ കുടുംബശ്രീയുടെ തനത് ഫണ്ട് അക്കൌണ്ടിലേക്ക് മാറ്റി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. സ്രോതസ്സ് വ്യക്തമാക്കുന്നപക്ഷം അതാതുഹെഡിലേക്ക് തിരിച്ചടയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-18 കുടുംബശ്രീയുടെ തനതു ഫണ്ട് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി ഫണ്ട് സർക്കാരിലേക്ക് അടവാക്കേണ്ടതാണ്.

2016-17 സാമ്പത്തികവർഷത്തിൽ കുടുംബശ്രീയുടെ തനതു ഫണ്ട് അക്കൗണ്ട് നമ്പർ 714702010000798 (യൂണിയൻ ബാങ്ക് ) ൽ 145000 രൂപ അവശേഷിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. വിവിധ സ്രോതസ്സുകളിൽ നിന്നും ലഭ്യമായ തുകകളിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന മേൽ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുവാനായി 7-7-2017 ലെ ഓഡിറ്റ് അന്വേഷണം നമ്പർ 15 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിന്റെ പദ്ധതി വിഹിതമായ 50000 രൂപയും, ഗ്രാമ പഞ്ചായത്തിന്റെ പദ്ധതിവിഹിതമായ 95000 രൂപയുമാണ് ചെലവഴിക്കാതെ അവശേഷിക്കുന്നത് എന്നും 16-6-2017 ലെ ഭരണ സമിതിയുടെ തീരുമാനം 3(2) പ്രകാരം ഈ തുക സർക്കാരിലേക്ക് ഒടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട് ചെലവഴിക്കാതെ അവശേഷിക്കുന്ന 145000രൂപ പദ്ധതി തുകകളായതിനാൽ സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

145000 രൂപ സർക്കാരിലേക്ക് അടവാക്കി വിവരം ഓഡിറ്റിനു അറിയിക്കേണ്ടതാണ്.

## 3-19 തൊഴിലുറപ്പപദ്ധതിയിൻകീഴിൽ കിണർ നിർമ്മാണം അഭിനന്ദനാർഹം

പഞ്ചായത്തിലെ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ വൈവിധ്യമാർന്ന പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്.ജലസേചന സൌകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തോട്, കനാൽ എന്നിവ വൃത്തിയാക്കലും മണ്ണു സംരക്ഷണത്തിന്റെ ഭാഗമായി ഭൂവികസനവും കുടിവെള്ള ക്ഷാമം പരിഹരിക്കാനായി കിണർ,കുളം എന്നിയുടെ നിർമ്മാണവും നടത്തിയിട്ടുണ്ട്.

ഓഡിറ്റ് വർഷം 10,64,400 രൂപ ചെലവിൽ 54 കിണറുകൾ നിർമ്മിച്ചു നൽകിയെന്നതും എല്ലാം

ജലസമൃദ്ധമാണെന്നതും അഭിനന്ദനാർഹമാണ്. കുഴൽകിണറിന്റെ നിർമ്മാണത്തിലൂടെയുള്ള അമിത ഭൂഗർഭ ജല ചൂഷണം ഒഴിവാക്കുന്നതിന് വരും വർഷങ്ങളിൽ കൂടുതൽ തുറന്ന കിണറുകളുടെ നിർമ്മാണത്തിന് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതും വൈവിധ്യമാർന്ന മറ്റു പ്രോജക്ടുകളുടെ സാധ്യതകൾ പരിശോധിക്കേണ്ടതുമാണ്.

## 3-20 ദേശീയ തൊഴിലുറപ്പ് പദ്ധതി- തൊഴിലാളികൾക്ക് കൂലിയിനത്തിൽ 62 ലക്ഷം രൂപ കുടിശ്ശികയാണ്

ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം പഞ്ചായത്ത് തൻവർഷം ഏറ്റെടുത്ത് നടപ്പിലാക്കിയ വിവിധ പ്രവൃത്തികളിൽ 85 പ്രവൃത്തികളിലെ കൂലിചെലവ് 6231600 രൂപ തൊഴിലാളികൾക്ക് കൊടുക്കാൻ അവശേഷിക്കുന്നുണ്ട്.

ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ തൊഴിലാളികൾ (18 വയസ്സിനു മുകളിൽ) ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയിൽ ആഴ്ചയിൽ ഒരിക്കൽ അല്ലെങ്കിൽ രണ്ടാഴ്ചയ്ക്കുള്ളിൽ നിർബന്ധമായും വേതനം നൽകേണ്ടതാണ്.നിശ്ചിത സമയത്ത് കൂലി നൽകാൻ കഴിയുന്നില്ലെങ്കിൽ 1936 ലെ പേയ്മെന്റ് ഓഫ് വേജസ് ആക്റ്റ് പ്രകാരമുള്ള കോമ്പൻസേഷന് അവർക്ക് അവകാശമുണ്ട്. ആയതിനാൽ തൊഴിലാളികൾക്ക് നൽകാൻ അവശേഷിക്കുന്ന കൂലി തുക ഉടൻ ലഭ്യമാക്കി വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-21 അങ്കണവാടികളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുവാൻ കേന്ദ്രഫണ്ടിന്റെ നീക്കിയിരിപ്പ് പ്രയോജനപ്പെടുത്തുന്നില്ല

2016-17 വർഷത്തിൽ പൂരക പോഷകാഹാര പരിപാടിയുടെ കേന്ദ്രവിഹിതമായി ബ്ലോക്ക് പഞ്ചായത്ത് മുഖേന ലഭിച്ച തുകയിൽ 1133135 രൂപ നാളിതുവരെ ചെലവഴിക്കാതെ നീക്കിയിരിപ്പായി പഞ്ചായത്തിന്റെ തനത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ്- 562818

തൻവർഷത്തെ വരവ് - 1369541

ആകെ - 1932359

ചെലവ് - 799224

ബാക്കി -1133135

സർക്കുലർ നമ്പർ 39033/ഡി.സി.2/2ത.സ്വ.ഭവ തിയതി 3-9-2010 പ്രകാരം പൂരകപോഷകാഹാര പരിപാടിക്കായി ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിൽ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി

സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിനുള്ള പാത്രങ്ങൾ, സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ഗ്രാപഞ്ചായത്തിൽ 32 അങ്കണവാടികളാണ് ഉള്ളത്. ഇതിൽ 6 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 5 അങ്കണവാടികൾ വൈദ്യുതീകരിച്ചിട്ടില്ല. 17 അങ്കണവാടികളിൽ മാത്രമാണ് ചുറ്റമതിൽ ഉള്ളത്. കുടിവെള്ള സൗകര്യം 13 അങ്കണവാടികളിൽ മാത്രമാണ് ഉള്ളത്. അങ്കണവാടികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കുകയും മുൻഗണന നൽകി അവ പ്രാവർത്തികമാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

മേൽ ആവശ്യങ്ങൾക്ക് തുക വകയിരുത്താതിരുന്നതിന്റെയും, തുക ഐ.സി.ഡി.എസ് സൂപ്പർവൈസർക്ക് പൂരകപോഷകാഹാര പദ്ധതിക്കായി നാളിതുവരെ നൽകാത്തതിന്റെ കാരണം വിശദീകരിക്കുവാൻ ഓഡിറ്റ് അന്വേഷണം (നമ്പർ 5/6-7-2017) നല്കിയതിന് തൃപ്തികരമായ മറുപടി ലഭിച്ചിട്ടില്ല.
സർക്കാർ മാർഗ്ഗരേഖകളും സർക്കുലറുകളും ഉത്തരവുകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിനിയോഗിക്കാതെ വിവിധഫണ്ടുകൾ നഷ്ടപ്പെടുത്തിയത് ഈ മേഖലയിൽ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാത്തതിനാലാണ്. ആയത് ശ്രദ്ധിക്കേണ്ടതാണ്.

## 3-22 അങ്കണവാടികളുടെ ഫിറ്റ്നസ് ഉറപ്പാക്കുന്നില്ല

സർക്കാർ സർക്കുലർ നമ്പർ 31055/ഡി.സി.2/2011/തസ്വഭവ തിയ്യതി 22.3.2011 ഖണ്ഡിക (സി) 1,2,3 എന്നിവ പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റനസ് സർട്ടിഫിക്കറ്റ് നല്കേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുവാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചിത സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടികൾ മാറ്റി പ്രവർത്തിപ്പിക്കേണ്ടതാണ്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷവും

മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടിപ്രവർത്തകർ, എഞ്ചിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ് . മെയ് 30-നകം ഫിറ്റനസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം. സർക്കുലറിലെ നിർദ്ദേശങ്ങൾ നാളിതുവരെ പാലിച്ചിട്ടില്ല.

എല്ലാ അങ്കണവാടികൾക്കും ഫിറ്റ്നസ് ലഭ്യമാക്കിയിട്ടുണ്ടെന്ന് സെക്രട്ടറിയും ഭരണസമിതിയും ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 502500 | ഉഴവുകൂലി 09/17 | 502500 | 0 |
| | 990000 | ഉഴവുകൂലി 98/17 | 990000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 166656 | അങ്കണവാടി പോഷകാഹാരം 33/17 | 166656 | 0 |

| | | | | |
|---|---|---|---|---|
| | 25000 | പാൽ സബ്സിഡി 90/17 | 25000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

വിവിധ പ്രവൃത്തികൾക്കായി കേരള ഇലക്ട്രിസിറ്റി ബോർഡിൽ തൻവർഷം 1251868 രൂപ നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| കെ. എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 542960/ 8.11.2016 | 243800 | 0 | പൂർത്തീകരിച്ചിട്ടില്ല. | 243800 |
| കെ. എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 542961/ 8.11.2016 | 429350 | 0 | പൂർത്തീകരിച്ചിട്ടില്ല. | 429350 |
| കെ. എസ്.ഇ.ബി | ,, | 544475/ 7.3.2017 | 453718 | 0 | പൂർത്തീകരിച്ചിട്ടില്ല. | 453718 |
| കെ. എസ്.ഇ.ബി | ,, | 544474/ 7.3.2017 | 125000 | 0 | പൂർത്തീകരിച്ചിട്ടില്ല. | 125000 |
| ആകെ | | | 1251868 | | | 1251868 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഒന്നുമില്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ആശുപത്രി വികസന സമിതികളുടെ കണക്കുകൾ

2010-ലെ കേരള പഞ്ചായത്ത് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങളിലെ ചട്ടം 9(3)പ്രകാരം പ്രകാരം ഗ്രാമ പഞ്ചായത്ത് ആശുപത്രി വികസന ഫണ്ട് വർഷത്തിലൊരിക്കൽ ചാർറ്റേർഡ് അക്കൗണ്ടിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതും കമ്മിറ്റിയുടെ വാർഷിക കണക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ വിവിധ ആശുപത്രികൾ ഉണ്ടെങ്കിലും അവയിലെ വികസന സമിതികളുടെ വരവു ചെലവു കണക്ക് ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 81168470 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 72951698 |
| വരവിനങ്ങളിലുള്ള നഷ്ടം | 250 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 803933 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 2-2 (I) 1 | 250 | | ശ്രീ രതീനാഥ് ആർ<br>സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-2 | 796820 |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സ്ഥാപനം | തുക |
|---|---|---|
| 3-6 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് | 7113 |

| | | |
|---|---|---|
| | | |

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം

മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ രതീനാഥ് ആർ<br>സെക്രട്ടറി | വിരമിച്ചു | ശ്രീരംഗം, കൂറ്റനാട് പി ഓ പാലക്കാട്-679533. |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടി ന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP8-220/99/24.09.99 | ഓഡിറ്റ് അദാലത്ത് |
| 1997-98 | LFP6/618/00/ 06.10.00 | ,, |
| 1998-99 | LFP6/1714/09.08.01 | ,, |
| 1999-00 | LFP14/504/13.02.01 | ,, |
| 2000-01 | LFP14/622/05/ 10.11.06 | ,, |
| 2001-02 | LFP14-623/05/28.12.07 | ഫർദർ റിമാർക്സ് |
| 2002-03 | LFP14- 228/07/07.01.08 | ഫർദർ റിമാർക്സ് |
| 2003-04 | LFP16- 793/12/02.07.12 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2004-05 | LFP14-1181/09/18.10.10 | ഫർദർ റിമാർക്സ് |
| 2005-06 | LFP14- 1182/09/ 08.03.11 | ഫർദർ റിമാർക്സ് |
| 2006-07 | LFP14-1183/09/17.03.11 | ഫർദർ റിമാർക്സ് |
| 2007-08 | LFP14- 1184/09/ 18.03.11 | ഫർദർ റിമാർക്സ് |
| 2008-09 | LFP16- 1277/12/ 06.10.12 | ഫർദർ റിമാർക്സ് |
| 2009-10 | LFP16- 1352/12/ 10.09.12 | ഫർദർ റിമാർക്സ് |
| 2010-11 | LFP16- 1002/13/ 02.12.13 | ഫർദർ റിപ്പോർട്ട് |
| 2011-12 | LFP16 - 981/14 | ഫർദർ റിപ്പോർട്ട് |
| 2012-13 | KSA-PKD16/1017/15/ 05.10.15 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14<br>2014-15 | KSA-PKD16/1429/16/8.8.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA PKD | |

ഡെപ്യൂട്ടി ഡയറക്ടർ.

## അനുബന്ധം

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി. പി16-1362/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി 13.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ലെക്കിടിപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ.

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

2. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ഡെപ്യൂട്ടി ഡയറക്ടർ.

No. KSA-PKD P16-1362 /2017

Kerala State Audit Department,

District Audit Office,Palakkad.

Date 13.09.2017.

Audit Certificate

Certified that I have audited the Annual Financial Statement of Lekkidiperur Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Lekkidiperur Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

2. Arrear and current demand, Collection, Balance amounts shown in AFS not in agreement with data prepared by Sanchaya Software.

Deputy Director.